# തിരുവനന്തപുരം ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ അഡീഷണൽ ഡയറക്ടർ (മെഡിക്കൽ) ന്റെ നടപടിക്രമം

**വിഷയം :** ആ.വ.ഡ – ജീവനക്കാര്യം – സ്റ്റോർ സൂപ്രണ്ട് തസ്തികയിൽ സ്ഥലംമാറ്റം പുനഃപരിശോധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. ഉത്തരവ് നം.ഇ.ഇ 4-89280/21/ആവഡ/തീയതി.11/01/2022.
2. ഉത്തരവ് നം. ഇ.ഇ 4-3588/2020/ആവഡ/തീയതി.17/01/2022.
3. ഉത്തരവ് നം.ഇ.ഇ 4-89280/21/ആവഡ/തീയതി. 26/03/2022.

## ഉത്തരവ് നമ്പർ ഇ.ഇ.4-3588/2020/ആവഡ തീയതി 26/03/2022

ആരോഗ്യവകുപ്പിന് കീഴിലെ സ്റ്റോർ സൂപ്രണ്ട് തസ്തികയിൽ 2021 പൊതുസ്ഥലംമാറ്റത്തിന്റെ കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ടി ലിസ്റ്റിൽ ആലപ്പുഴ ജനറൽ ആശുപത്രിയിലെ സ്റ്റോർ സൂപ്രണ്ടായ ശ്രീമതി.സുജാത സി.എ.യ്ക്ക് ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രി കൊരട്ടിയിലേയ്ക്കാണ് സ്ഥലംമാറ്റം നൽകിയത്. എന്നാൽ, പൊതുസ്ഥലം മാറ്റത്തിന്റെ അന്തിമപട്ടിക പ്രസിദ്ധീകരിക്കുന്നതിന് ഉള്ള കാലയളവിന് ഇടയ്ക്ക് പി .എസ്.കെ ജീവനക്കാർക്ക് സ്റ്റോർ സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകേണ്ടിയിരുന്നതിനാൽ കൊരട്ടി ത്വക്ക് രോഗാശുപത്രിയിലെ സ്റ്റോർ സൂപ്രണ്ട് തസ്തികയിലേക്ക് ശ്രീമതി .ഹേമലത യു.വിന് പരാമർശം(2) ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം നൽകി.

പരാമർശം(2) ലെ ഉത്തരവിൽ ടി നിയമനം താത്ക്കാലികമാണെന്നും , ജനറൽ ട്രാൻസ്ഫറിന്റെ അന്തിമ ഉത്തരവിന് ശേഷം ആയത് പുന:പരിശോധിക്കുമെന്നും അറിയിച്ചിട്ടുണ്ട്. പരാമർശം (3) പ്രകാരം ജനറൽ ട്രാൻസ്ഫറിന്റെ അന്തിമപട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയതിനാൽ ശ്രീമതി.ഹേമലത യു.വിന് താഴെപറയും പ്രകാരം സ്ഥലംമാറ്റം നൽകി ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം. | പെൻ | പേരും, നിലവിലെ സ്ഥാപനവും | നിയമനം ലഭിച്ച സ്ഥാപനം |
|---|---|---|---|
| 1 | 304157 | ശ്രീമതി.ഹേമലത യു.<br>ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രി, കൊരട്ടി, തൃശ്ശൂർ | ജനറൽ ആശുപത്രി,<br>ആലപ്പുഴ |

ടി ജീവനക്കാരി ജോലിയിൽ നിന്നും വിടുതൽ വാങ്ങിയ തീയതിയും, ജോലിയിൽ പ്രവേശിച്ച തീയതിയും, ഈ ഓഫീസിലേക്ക് അറിയിക്കേണ്ടതാണ്. ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഉത്തരവിന്റെ പകർപ്പ് വിടുതൽ /പ്രവേശന നടപടികൾക്കുള്ള ഔദ്യോഗിക രേഖയായി ഉപയോഗിക്കാവുന്നതാണ്.

(ഒപ്പ്)
ഡോ.ഷിനു കെ.എസ്.
അഡീഷണൽ ഡയറക്ടർ(മെഡിക്കൽ)

സ്വീകർത്താവ്
ബന്ധപ്പെട്ട ജീവനക്കാർ.

പകർപ്പ് -1) ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസർമാർ (ആരോഗ്യം)
2) ബന്ധപ്പെട്ട സ്ഥാപനമേധാവികൾ
3) ആരോഗ്യവകുപ്പ് ഡയറക്ടേറ്റിലെ ഔദ്യോഗിക വെബ് സൈറ്റ്.

//ഉത്തരവിൻ പ്രകാരം //

സൂപ്രണ്ട്

nb 30/3/22

GOVERNMENT OF KERALA 2017-18